പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 321

# 2014-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2014

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 321

# 2014-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ

1340/2014.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 321

# 2014-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ

1960-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും
ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1960-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും ആക്റ്റ് താഴെ കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയഞ്ചാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2014-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഈ ആക്റ്റിലെ 2 മുതൽ 4 വരെ വകുപ്പുകളും 5-ാം വകുപ്പിന്റെ (1) മുതൽ (3) വരെ ഖണ്ഡങ്ങളും 6-ാം വകുപ്പിന്റെ (1)-ാം ഖണ്ഡവും 2014 ആഗസ്റ്റ് 29-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും 5-ാം വകുപ്പിന്റെ (4)-ാം ഖണ്ഡവും 6-ാം വകുപ്പിന്റെ (2)-ാം ഖണ്ഡവും ഉടൻ പ്രാബല്യത്തിൽ വരുന്നതുമാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—1960-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും ആക്റ്റിന്റെ (1960-ലെ 34) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ,

(1) (1)-ാം ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(1 എ) "വലിയ സ്ഥാപനം" എന്നാൽ ഇരുപതോ അതിൽ കൂടുതലോ തൊഴിലാളികളെ ജോലിക്കായി നിയോഗിക്കുന്ന കടയോ വാണിജ്യസ്ഥാപനമോ എന്നർത്ഥമാകുന്നു".

(2) (8)-ാം ഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(8) "സ്ഥാപനം" എന്നാൽ ഒരു ചെറിയ സ്ഥാപനമോ ഒരു ഇടത്തരം സ്ഥാപനമോ ഒരു വലിയ സ്ഥാപനമോ ആകാവുന്ന ഒരു കടയോ വാണിജ്യസ്ഥാപനമോ എന്നർത്ഥമാകുന്നു;

1340/2014.

(3) (10)-ാം ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(10എ) "ഇടത്തരം സ്ഥാപനം" എന്നാൽ ആറോ അതിൽ കൂടുതലോ എന്നാൽ ഇരുപതിൽ കുറയാതെയുള്ള തൊഴിലാളികളെ ജോലിക്കായി നിയോഗിക്കുന്ന ഒരു കടയോ വാണിജ്യസ്ഥാപനമോ എന്നർത്ഥമാകുന്നു;"

(4) (15)-ാം ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(15എ) "ചെറിയ സ്ഥാപനം" എന്നാൽ യാതൊരു തൊഴിലാളിയേയും ജോലിക്കായി നിയോഗിക്കാത്തതോ അഞ്ചിൽ കൂടുതൽ അല്ലാത്ത തൊഴിലാളികളെ ജോലിക്കായി നിയോഗിക്കുന്നതോ ആയ ഒരു കടയോ വാണിജ്യസ്ഥാപനമോ എന്നർത്ഥമാകുന്നു";

3. 1ബി എന്ന അദ്ധ്യായം ചേർക്കൽ.—പ്രധാന ആക്റ്റിലെ 1എ എന്ന അദ്ധ്യായത്തിനുശേഷം താഴെപ്പറയുന്ന അദ്ധ്യായം ചേർക്കേണ്ടതാണ്, അതായത്:—

"അദ്ധ്യായം 1 ബി

## തൊഴിലാളികളെ ജോലിക്ക് ഏർപ്പെടുത്തുന്നതിനുള്ള ഉപാധികൾ

5ഡി. നിയമന ഉത്തരവ് നൽകൽ.—ഒരു വലിയ സ്ഥാപനത്തിലെ ഓരോ തൊഴിലുടമയും, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ ഒരു നിയമന ഉത്തരവ് അയാളുടെ തൊഴിലാളികൾക്ക് നിയമന സമയത്ത് നൽകേണ്ടതാണ്.

5ഇ. വിദ്യാഭ്യാസ സർട്ടിഫിക്കറ്റോ പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റോ കൈവശം വയ്ക്കുന്നതിനുള്ള വിലക്ക്.—ഏതെങ്കിലും സ്ഥാപനത്തിന്റെ തൊഴിലുടമ, ഒരു തൊഴിലാളിയിൽ നിന്നും ലഭിക്കുന്ന യാതൊരു വിദ്യാഭ്യാസ സർട്ടിഫിക്കറ്റിന്റെയോ പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റിന്റെയോ അസ്സൽ നിയമനം ലഭിക്കുന്ന സമയത്തോ തൊഴിൽ ചെയ്യുന്ന സമയത്തോ കൈവശം വച്ചുകൊണ്ടിരിക്കുവാൻ പാടുള്ളതല്ല.

5എഫ്. സേവന സർട്ടിഫിക്കറ്റ് നൽകൽ.—ഓരോ തൊഴിലുടമയും തൊഴിലാളി രാജിവയ്ക്കുന്ന സമയത്തോ നീക്കം ചെയ്യപ്പെടുമ്പോഴോ പെൻഷൻ പറ്റി പിരിയുമ്പോഴോ മറ്റൊരു ജോലിക്ക് അപേക്ഷിക്കുമ്പോഴോ, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ, അയാൾ ജോലിക്ക് ഏർപ്പെടുത്തുന്ന തൊഴിലാളിക്ക് സേവന സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

4. 21എ എന്ന വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ VI-ാം അദ്ധ്യായത്തിൽ 21-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"21എ. ഹോസ്റ്റൽ സൗകര്യങ്ങൾ.—ഒരു വലിയ സ്ഥാപനത്തിൽ അൻപതിൽ കൂടുതൽ തൊഴിലാളികളെ ജോലിക്കായി നിയോഗിക്കുന്ന ഓരോ തൊഴിലുടമയും അങ്ങനെയുള്ള തൊഴിലാളികൾക്ക് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ ഹോസ്റ്റൽ സൗകര്യങ്ങൾ നൽകേണ്ടതാണ്.

5. 29-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ അദ്ധ്യായം VIII-ലെ 29-ാം വകുപ്പിൽ,—

(1) (1)-ാം ഉപവകുപ്പിൽ,—

(i) (എ) ഖണ്ഡത്തിൽ,—

(എ) "ഇരുനൂറ്റി അൻപത് രൂപ" എന്ന വാക്കുകൾക്കുപകരം "അയ്യായിരം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) "പത്ത് രൂപ" എന്ന വാക്കുകൾക്കുപകരം "നൂറ് രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) 'ബി' ഖണ്ഡത്തിൽ "പത്ത് രൂപ" എന്ന വാക്കുകൾക്കുപകരം "നൂറ് രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(2) (1എ) ഉപവകുപ്പിൽ,—

(എ) "6" എന്ന അക്കത്തിന് മുമ്പായി, "5ഡി, 5ഇ, 5എഫ്" എന്നീ അക്കങ്ങളും അക്ഷരങ്ങളും ചേർക്കേണ്ടതാണ്;

(ബി) "21" എന്ന അക്കത്തിനുശേഷം "21എ" എന്ന അക്കവും അക്ഷരവും ചേർക്കേണ്ടതാണ്;

(സി) "ഇരുന്നൂറ്റി അൻപത് രൂപ" എന്ന വാക്കുകൾക്കുപകരം "അയ്യായിരം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ഡി) "അഞ്ഞൂറ് രൂപ" എന്ന വാക്കുകൾക്കുപകരം "പതിനായിരം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(3) (2)-ാം ഉപവകുപ്പിൽ "അൻപത് രൂപ" എന്ന വാക്കുകൾക്കുപകരം "രണ്ടായിരത്തി അഞ്ഞൂറ് രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(4) (4)-ാം ഉപവകുപ്പിൽ "രണ്ടാം ക്ലാസ് മജിസ്ട്രേറ്റ്" എന്ന വാക്കുകൾക്ക് പകരം "ഒന്നാം ക്ലാസ് മജിസ്ട്രേറ്റ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

6. 34-ാം വകുപ്പിന്റെ ഭേദഗതി.— 34-ാം വകുപ്പിൽ,—

(1) (2)-ാം ഉപവകുപ്പിൽ "ആരോഗ്യം" എന്ന വാക്കിനുശേഷം "ശുചീകരണം" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(2) (3)-ാം ഉപവകുപ്പിൽ "അൻപത് രൂപ" എന്ന വാക്കുകൾക്കുപകരം "അയ്യായിരം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

7. റദ്ദാക്കലും ഒഴിവാക്കലും.—(1) 2014-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും (ഭേദഗതി) ഓർഡിനൻസ് (2014-ലെ 20) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്തെ കടകളിലും വാണിജ്യസ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. നിയമന ഉത്തരവ്, സർവ്വീസ് സർട്ടിഫിക്കറ്റ് എന്നിവ നൽകാതിരിക്കുക, തൊഴിലാളികളുടെ അസ്സൽ സർട്ടിഫിക്കറ്റുകൾ തൊഴിലുടമ തടഞ്ഞുവയ്ക്കുക തുടങ്ങിയവ സംബന്ധിച്ച് നിരവധി പരാതികൾ സർക്കാരിന് ലഭിക്കുകയുണ്ടായി. ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷന്റെ 1964-ലെ ഹൈജീൻ (കൊമേഴ്സ് ആന്റ് ഓഫീസസ്) കൺവെൻഷൻ (നമ്പർ 120) വാണിജ്യ സ്ഥാപനങ്ങളിലും ഓഫീസുകളിലും ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് മെച്ചപ്പെട്ട ശുചിത്വപരിപാലനം നൽകുന്നതിന്റെ ആവശ്യകതയ്ക്ക് ഊന്നൽ നൽകുന്നു. മേൽപ്പറഞ്ഞ സാഹചര്യങ്ങളിൽ നിയമന ഉപാധികൾ നിയന്ത്രിക്കുക, തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക, ആക്റ്റിലെ വ്യവസ്ഥകൾക്ക് കീഴിലുള്ള ശിക്ഷ വർദ്ധിപ്പിക്കുക എന്നീ ആവശ്യങ്ങൾക്കായുള്ള വ്യവസ്ഥകൾ ചേർത്തുകൊണ്ട് 1960-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും ആക്റ്റിൽ ഭേദഗതി വരുത്തുവാൻ സർക്കാർ തീരുമാനിച്ചു.

2014-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ 13-ാം കേരള നിയമസഭയുടെ 293-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിക്കുകയുണ്ടായി. 2014 ജൂൺ 9-ാം തീയതി ആരംഭിച്ച് 2014 ജൂലൈ 17-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല.

സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാൽ മേൽപ്പറഞ്ഞ 293-ാം നമ്പർ ബില്ലിലെ വ്യവസ്ഥകൾ ഉൾപ്പെടുത്തി 2014-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും (ഭേദഗതി) ഓർഡിനൻസ് (2014-ലെ 20) 2014 ആഗസ്റ്റ് 29-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2014 ആഗസ്റ്റ് 29-ാം തീയതിയിലെ 2167-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

മേൽപ്പറഞ്ഞ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

1. ബില്ലിലെ 3-ാം ഖണ്ഡപ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 5ഡി വകുപ്പ്, ഒരു വലിയ സ്ഥാപനത്തിലെ തൊഴിലുടമ അയാളുടെ തൊഴിലാളികൾക്ക് നിയമന ഉത്തരവ് നൽകേണ്ട രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

2. ബില്ലിലെ 3-ാം ഖണ്ഡപ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 5എഫ് വകുപ്പ് തൊഴിലുടമ അയാൾ ജോലിക്കായി നിയോഗിച്ച തൊഴിലാളികൾക്ക് സേവന സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

3. ബില്ലിലെ 4-ാം ഖണ്ഡപ്രകാരം ചേർക്കാനുദ്ദേശിക്കുന്ന 21എ വകുപ്പ് തൊഴിലാളികൾക്ക് ഹോസ്റ്റൽ സൗകര്യങ്ങൾ നൽകുന്നതിനുള്ള രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

4. എതു കാര്യത്തെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അത് നടപടിക്രമം സംബന്ധിച്ചുള്ളതും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയതുമാണ്. കൂടാതെ ചട്ടങ്ങൾ ഉണ്ടാക്കിയതിനുശേഷം ആയത് നിയമനിർമ്മാണ സഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ, സാധാണ സ്വഭാവത്തോടു കൂടിയതാണ്.

ഷിബു ബേബി ജോൺ.

(ശരിത്തർജ്ജമ)

## 1960-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ

(1960-ലെ 34-ാം ആക്റ്റ്)

** ** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭത്തിന് മറ്റുപ്രകാരം ആവശ്യം ഇല്ലാത്തപക്ഷം,—

(1) "തൊഴിൽ ശീലിക്കുന്ന ആൾ" എന്നതിന് ഒരു മുതലാളി തന്റെ സർവ്വീസിൽ ഏതെങ്കിലും വ്യാപാരമോ തൊഴിലോ താൻ മുഖേനയോ മറ്റൊരാൾ മുഖേനയോ പരിശീലിക്കുന്നതിനായി പ്രവൃത്തിക്കാക്കുന്ന പന്ത്രണ്ടുവയസ്സിൽ താഴെയല്ലാത്ത ഒരാൾ എന്നർത്ഥമാകുന്നു ;

** ** ** **

(8) "സ്ഥാപനം" എന്നതിന് ഒരു ഷാപ്പെന്നോ വാണിജ്യ സ്ഥാപനമെന്നോ അർത്ഥമാകുന്നു ;

** ** ** **

(10) "അവധി" എന്നതിന് ഈ ആക്റ്റിലെ മൂന്നാം അദ്ധ്യായത്തിൽ വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ള അവധി എന്നർത്ഥമാകുന്നു ;

** ** ** **

(15) "ഷാപ്പ്" എന്നതിന് ഏതെങ്കിലും കച്ചവടമോ, വ്യാപരമോ നടത്തുന്നതോ പതിവുകാരുടെ ആവശ്യം നിറവേറ്റിക്കൊടുക്കുന്നതോ ആയ ഏതെങ്കിലും പുരയിടം എന്നർത്ഥമാകുന്നതും, അതിൽ ഒരേ പുരയിടത്തിലോ മറ്റു വിധത്തിലോ ആയാലും ശരി, അങ്ങനെയുള്ള കച്ചവടമോ, വ്യാപാരമോ സംബന്ധിച്ച് ഉപയോഗിക്കുന്ന ആഫീസുകളോ, സംഭരണമുറികളോ, ഗുദാമുകളോ, പാണ്ടികശാലകളോ ഉൾപ്പെടുന്നതും, എന്നാൽ ഷാപ്പിൽ പ്രവൃത്തിക്കാക്കപ്പെട്ട ആളുകൾക്ക്, 1948-ലെ ഫാക്ടറി ആക്റ്റ് (1948-ലെ 63-ാം സെൻട്രൽ ആക്റ്റ്) പ്രകാരം പ്രവൃത്തിക്കാർക്ക് വ്യവസ്ഥചെയ്തിട്ടുള്ള ഗുണാനുഭവങ്ങൾ അനുവദിച്ചിട്ടുള്ള ഒരു ഫാക്ടറിയോടുചേർന്ന വാണിജ്യ സ്ഥാപനമോ ഷാപ്പോ ഉൾപ്പെടാത്തതുമാകുന്നു ;

### അദ്ധ്യായം 1എ

### രജിസ്ട്രേഷൻ

5എ. സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യൽ.—(1) ഏതൊരു സ്ഥാപനത്തിന്റെയും മുതലാളി ഈ ആവശ്യാർത്ഥം ഗസറ്റിൽ പരസ്യംമൂലം ഗവണ്മെന്റ് പ്രത്യേകം പറയാവുന്ന അധികാര സ്ഥാനത്തിന് (ഈ അദ്ധ്യായത്തിൽ തക്ക അധികാരസ്ഥാനം എന്നാണ് പറയപ്പെടുക) നിർണ്ണയിക്കപ്പെടാവുന്ന ഫോറത്തിലും ഫീസു കൊടുത്തും ആ സ്ഥാപനത്തെ സംബന്ധിച്ചു ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിനുവേണ്ടി അപേക്ഷ ബോധിപ്പിക്കേണ്ടതാണ്.

5സി. മുതലാളിയുടെ ചുമതലകൾ.—(1) ഈ ആക്റ്റുപ്രകാരം നൽകിയതോ അഥവാ പുതുക്കിയതോ ആയ ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് മുതലാളി സ്ഥാപനത്തിന്റെ പരിസരത്തിൽ പ്രകടമായി പ്രദർശിപ്പിക്കേണ്ടതാകുന്നു.

### അദ്ധ്യായം 6

### ആരോഗ്യവും സുരക്ഷിതത്വവും

21. ശുചിത്വവും വായുസഞ്ചാരവും വെളിച്ചവും.—(1) ഏതൊരു സ്ഥാപനത്തിന്റെയും പരിസരം വൃത്തിയായി സൂക്ഷിക്കേണ്ടതും വല്ല ഓവുചാലിൽനിന്നോ കക്കൂസിൽനിന്നോ ഉണ്ടാകുന്ന ദുർഗന്ധമോ മറ്റു അസഹ്യോപദ്രവമോ അവിടെ ഇല്ലാതിരിക്കേണ്ടതും നിർണ്ണയിക്കപ്പെടാവുന്ന സമയങ്ങളിലും മാർഗ്ഗങ്ങൾ ഉപയോഗിച്ച് വൃത്തിയാക്കേണ്ടതും ആകുന്നു. ഈ മാർഗ്ഗങ്ങളിൽ ചുണ്ണാമ്പ് തേയ്പ്പ്, വർണ്ണം തേയ്പ്പ്, പെയ്ന്റ് ചെയ്യൽ, വാർണിഷ് ഇടൽ, രോഗപ്പകർച്ച അകറ്റൽ, ദുർഗന്ധം ഇല്ലാതാക്കൽ എന്നിവ ഉൾപ്പെടുന്നതുമാകുന്നു.

### അദ്ധ്യായം 8

### കുറ്റങ്ങളും ശിക്ഷകളും നടപടിക്രമവും

29. ശിക്ഷകൾ.—(1) 1എ എന്ന അദ്ധ്യായത്തിലെ 5എ, 5സി എന്നീ വകുപ്പുകളിലെ ഏതെങ്കിലും വ്യവസ്ഥ ലംഘിക്കുന്ന ഏതൊരാൾക്കും,—

(എ) 250 രൂപവരെ പിഴയും ലംഘനം തുടങ്ങുന്ന സംഗതിയിൽ ആദ്യത്തെ ലംഘനത്തിന്റെ ശിക്ഷയ്ക്കുശേഷം തുടരുന്ന ഓരോ ദിവസത്തെ ലംഘനത്തിനു 10 രൂപവരെ പിഴയും, അഥവാ

(ബി) അപ്രകാരമുള്ള ലംഘനം അവസാനിപ്പിക്കുന്നതിന് തക്ക അധികാര സ്ഥാനത്തു നിന്നും നോട്ടീസ് കിട്ടിയശേഷം തുടരുന്ന ഏതൊരു ദിവസത്തെയും ലംഘനത്തിന് 10 രൂപവരെ പിഴയും ശിക്ഷ നൽകേണ്ടതാകുന്നു.

(1എ) 6, 8, 9, 10, 11, 13, 13എ, 14, 18, 21, 22 എന്നീ വകുപ്പുകളിലെ വ്യവസ്ഥകളിലേതെങ്കിലും ലംഘിക്കുന്ന ഏതൊരാൾക്കും കുറ്റസ്ഥാപനമായാൽ ആദ്യത്തെ കുറ്റത്തിന് ഇരുന്നൂറ്റമ്പതു രൂപയോളവും, രണ്ടാമത്തേതോ പിന്നീടുള്ളതോ ആയ കുറ്റത്തിന് അഞ്ഞൂറ് രൂപയോളവും വരാവുന്ന പിഴ ശിക്ഷ നൽകേണ്ടതാകുന്നു.

(2) 7, 19, 20, 28, 30 എന്നീ വകുപ്പുകളിലെ വ്യവസ്ഥകളിൽ വല്ലതും ലംഘിക്കുന്ന ഏതൊരാൾക്കും കുറ്റസ്ഥാപനമായാൽ അമ്പതു രൂപയോളം വരാവുന്ന പിഴശിക്ഷ നൽകേണ്ടതാണ്.

** ** ** **

(4) രണ്ടാം ക്ലാസ്സ് മജിസ്ട്രേറ്റിന്റെ കോടതിക്കു താഴെയുള്ള യാതൊരു കോടതിയും ഈ ആക്റ്റോ അതുപ്രകാരമുണ്ടാക്കിയ ഏതെങ്കിലും, ചട്ടങ്ങളോ ഉത്തരവുകളോ പ്രകാരം ശിക്ഷാർഹമായ യാതൊരു കുറ്റവും വിസ്തരിക്കുവാൻ പാടില്ലാത്തതാകുന്നു.

** ** ** **

34. <u>ചട്ടങ്ങളുണ്ടാക്കുവാനുള്ള അധികാരം</u>.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിൽവരുത്തുന്നതിന് ഗവൺമെന്റിന് ഗസറ്റിൽ പരസ്യംമൂലം ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും മേൽപ്പറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ദൂഷ്യം കൂടാതെയും, (1)-ാം ഉപവകുപ്പുപ്രകാരമുണ്ടാക്കുന്ന ചട്ടങ്ങളിൽ തൊഴിലാളികളുടെ ആരോഗ്യം, സുരക്ഷിതത്വം, ക്ഷേമം എന്നിവയ്ക്ക് വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) ഈ വകുപ്പ് പ്രകാരം ചട്ടങ്ങളുണ്ടാക്കുമ്പോൾ, ചട്ടങ്ങൾ ലംഘിച്ചാൽ അമ്പതു രൂപയോളം പിഴശിക്ഷ നൽകേണ്ടതാണെന്ന് ഗവണ്മെന്റിന് വ്യവസ്ഥ ചെയ്യാവുന്നതാണ്.

** ** ** **